# അന്ധവിശ്വാസികൾ ആര്?

**പുസ്തകപരിചയം : കട്ടൻ**

'രോഗാണുസിദ്ധാന്തം പ്രതിക്കൂട്ടിൽ' എന്ന ഡോ. ടി. എ. ശേഖരൻ എഴുതിയ ഗ്രന്ഥം ആധുനിക ചികിത്സ എന്നറിയപ്പെടുന്ന 'അലോപ്പതി' വിഭാഗം ശരീരത്തേയും പ്രകൃതിയേയും കാണുന്നതിലെ വൈകല്യങ്ങൾ ചൂണ്ടിക്കാട്ടുന്ന പല പുസ്തകങ്ങളിൽ ഒന്നല്ല. അത്തരം പുസ്തകങ്ങൾ പലതും മനുഷ്യനേയും പ്രകൃതിയേയും കാൽപ്പനികവൽക്കരിക്കുന്നവയാണെങ്കിൽ ഇത് തീർത്തും യുക്തിഭദ്രമായ വിധത്തിൽ തന്നെ ഇന്നുനിലവിലുള്ള രോഗാണുസിദ്ധാന്തത്തിന്റെ പൊള്ളത്തരത്തേയും അതിന്റെ ചരിത്രം, വളർച്ച, നിലനിൽക്കുന്നതിന്റെ പിന്നിൽ പ്രവർത്തിക്കുന്ന വ്യാവസായികതാൽപ്പര്യങ്ങൾ എന്നിവയേയും ശക്തിയായി തുറന്നുകാട്ടുന്നു. അന്ധവിശ്വാസങ്ങളെ തകർത്തുകൊണ്ട് ഉദയം ചെയ്തു എന്നവകാശപ്പെടുന്ന ആധുനിക വൈദ്യശാസ്ത്രം സ്ഥാപിതതാൽപ്പര്യങ്ങളാൽ സംരക്ഷിക്കപ്പെടുന്ന അന്ധവിശ്വാസങ്ങളുടെ കേന്ദ്രമാണെന്ന് നമുക്കറിയാൻ ഈ ഗ്രന്ഥം മതി.

"ക്രിസ്തുമതം ഒരു ചെകുത്താനെ മാത്രമേ സൃഷ്ടിച്ചിട്ടുള്ളു(ലൂസിഫർ). മെഡിക്കൽ സമൂഹം രണ്ടു ചെകുത്താൻമാരെ സൃഷ്ടിച്ചു. ഒരാൾ ബ്രിട്ടീഷുകാരനായ എഡ്‌വേർഡ്ജെന്നർ, മറ്റൊരാൾ ഫ്രഞ്ചുകാരനായ ലൂയിപാസ്ചർ......" ആധുനിക വൈദ്യശാസ്ത്രവെളിച്ചത്തിൽ ലോകം മുഴുവൻ ആരാധിക്കപ്പെടുന്നവരാണിവർ - വസൂരിക്കുത്തിവയ്പ്പ് കണ്ടുപിടിച്ച ജെന്നറും രോഗാണുസിദ്ധാന്തവും പേപ്പട്ടിവിഷത്തിനു മരുന്നും കണ്ടുപിടിച്ച ലൂയിപാസ്ചറും. ഭരണതലത്തിലും വ്യവസായ രംഗത്തുമുള്ള സ്വാധീനമുപയോഗിച്ച് ഇവർ വളർത്തിക്കൊണ്ടുവന്ന ഈ അത്യുന്നതസ്ഥാനം, സത്യം കണ്ടെത്താൻവേണ്ടി ജീവിതം ഹോമിച്ച



ആന്റണി ബീഷാമ്പ്, റൈമണ്ട് റൈഫ്, ജോൺ ക്രെയിൻ മുതലായവരേയും അവർ കണ്ടെത്തിയ സത്യങ്ങളേയും കുഴിച്ചുമൂടിക്കൊണ്ട് നിലനിർത്തിയതാണെന്ന് ചരിത്രവസ്തുതകൾ വച്ചുകൊണ്ട് ഈ ഗ്രന്ഥത്തിൽ വിവരിക്കുന്നു.

രോഗാണുക്കൾ എന്ന ഏകരൂപ ജീവികൾ ശരീരത്തിൽ കടക്കുന്നതു മൂലമാണ് ഓരോ രോഗവും ഉണ്ടാകുന്നത് എന്ന അന്ധവിശ്വാസമാണ് ലൂയി പാസ്ചറുടേത്. അതിനനുസരിച്ചാണ് മരുന്നു കമ്പനികൾ വാക്സിനുകൾ ഉണ്ടാക്കി കമ്പോളത്തിൽ വിൽക്കുന്നത്. ലൂയി പാസ്ചറുടെ നിലപാട് അസംബന്ധമാണെന്നും രോഗമുണ്ടാവുന്നതിനുള്ള കാരണമല്ല, രോഗലക്ഷണമാണ് രോഗാണുവെന്നും പലരും കണ്ടെത്തിയെങ്കിലും അവയെ പുറത്തുവരാൻ അനുവദിക്കാതിരിക്കുന്നതിനുപിന്നിൽ അമേരിക്കയിലെ മെഡിക്കൽ അസോസിയേഷനും മരുന്നുകമ്പനികളുമാണ്.

'നിന്റെ ആഹാരം ഔഷധമാണ്' എന്നും 'രോഗിക്ക് വിഷം കൊടുക്കരുത്' എന്നും പറഞ്ഞ ഹിപ്പോക്രാറ്റസിന്റെ പ്രതിജ്ഞ ചൊല്ലിക്കൊണ്ട് ചികിത്സ ആരംഭിക്കുന്ന ഡോക്ടർമാർ എല്ലാവരും തന്നെ അതിന് വിരുദ്ധമായിട്ടാണ് പ്രവർത്തിക്കുന്നത്. ബാക്ടീരിയയും വൈറസും തമ്മിലുള്ള ബന്ധം, രോഗാണുക്കൾ രൂപം മാറിക്കൊണ്ടിരിക്കുന്നത്, മരുന്നില്ലാതെതന്നെ ക്യാൻസർ സുഖപ്പെടുത്താൻ കഴിയുമെന്ന കാര്യംതുടങ്ങി വാക്സിനേഷനുകളുടേയും മരുന്നുകളുടേയും ഉപയോഗ്യശൂന്യതയും അപകടവും വരെ ലളിതമായി പ്രതിപാദിക്കുന്ന ഈ ഗ്രന്ഥം, മനുഷ്യൻ പ്രകൃതിയുടെ ഭാഗമായ ഒരു ജീവിയാണെന്ന് വിശ്വസിക്കുന്നവർക്ക് സ്വന്തം നിലപാട് ഉറപ്പിക്കാനും ആധുനിക വൈദ്യശാസ്ത്രത്തിൽ കണ്ണടച്ച് വിശ്വസിക്കുന്നവർക്ക് പോലും വെളിച്ചം പകരാനും സഹായിക്കുന്ന ഒന്നാണ്.